# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4240      25.06.2014-ലെ മറുപടിക്ക്

## പാലക്കാട് മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.എ.പി.അനിൽ കുമാർ (ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) പാലക്കാട്ടെ നിർദ്ദിഷ്ട മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വർഷം മുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്; | (എ) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയോഗിച്ച വിദഗ്ധ സംഘം 2014-മെയ് 23-ഉം 24-ഉം തീയ്യതികളിലായി മെഡിക്കൽ കോളേജിന്റെ ഇതേ വരെയുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തുകയുണ്ടായി. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയാണെങ്കിൽ 2014-15 അദ്ധ്യായന വർഷം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ കഴിയും. |
| (ബി) കോളേജ് മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളെ പോലെ നൂറ് ശത മാനവും സർക്കാർ നിയന്ത്രിതമാണോ; അല്ലെങ്കിൽ കോളേജിന്റെ മാനേജ്മെന്റ് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;<br>(സി) മെഡിക്കൽ കോളേജിന്റെ ഭരണ നിയന്ത്രണത്തിന് സഹകരണ നിയമ പ്രകാരമോ, ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരമോ | (ബി) & (സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള കേരളാ സ്റ്റേറ്റ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ് റസിഡൻഷ്യൽ എജ്യൂക്കേഷണൽ സൊസൈറ്റിയുടെ പേരിലാണ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഈ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ മെഡിക്കൽ |

| | | | |
|---|---|---|---|
| | സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടോ;എങ്കിൽ ആയതിന്റെ ബൈലയുടെ പകർപ്പ് ലഭ്യമാക്കുമോ; | | കോളേജ് പൂർണ്ണമായും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമായതിനാൽ അതിന്റെ നടത്തിപ്പിനുവേണ്ടി സമാന സ്വഭാവമുള്ള ഒരു സൊസൈറ്റി 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സൈന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (ആക്ട് XII ഓഫ് 1955) പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ഡി) | മെഡിക്കൽ കോളേജിനുള്ള പശ്ചാത്തല സൗകര്യങ്ങൾ എപ്രകാരമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; എവിടെയാണ് കോളേജ് നിർമ്മിക്കുന്നത്; ഭൂമി ലഭ്യമായിട്ടുണ്ടോ; ലഭ്യമായ സ്ഥലവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ കേസ്സ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ഡി) | മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് മെഡിക്കൽ കോളേജിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത്. പാലക്കാട് ജില്ലയിലെ യാക്കര വില്ലേജിൽ ഇന്ത്യൻ ടെലഫോൺ ഇൻഡസ്ട്രീസിന് വേണ്ടി അക്വയർ ചെയ്ത സ്ഥലത്ത് നിന്ന് ഏറ്റെടുത്ത 50 ഏക്കർ സ്ഥലത്താണ് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത്. ഐ.റ്റി.ഐ-യുടെ കൈവശമുള്ള ഭൂമി സർക്കാർ ഏറ്റെടുത്തതിന് എതിരായി ഐ.റ്റി.ഐ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു ഹർജി ഫയൽ ചെയ്തിരുന്നു. ടി കേസിൽ സർക്കാരിന് അനുകൂലമായി വിധി ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ ഐ.റ്റി.ഐ |

അധികൃതർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) ലഭ്യമായ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിനാണോ, പട്ടികജാതി വകുപ്പിനാണോ, മറ്റ് ഏതെങ്കിലും ഏജൻസിക്കാണോ;

(ഇ) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിന് തന്നെയാണ്. 23/02/2013 ലെ സ.ഉ(കൈ) നം.66/13/റവ പ്രകാരം പാലക്കാട് മെഡിക്കൽ കോളേജിനായി 50 ഏക്കർ ഭൂമിയുടെ മുൻകൂർ കൈവശാവകാശം പട്ടികജാതി വികസന വകുപ്പിന് നൽകിയിട്ടുണ്ട്.

(എഫ്) കോളേജിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപാ ഏതു ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(എഫ്) പാലക്കാട് മെഡിക്കൽ കോളേജിനു വേണ്ടി ഇതുവരെ 101.73 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2014-15 വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ